ഉത്തരം

(എ, ബി, സി & ഡി) ഉണ്ട്. കുടുംബശ്രീ നടപ്പാക്കുന്നതിന് വേണ്ടി ഇപ്പോൾ അവലംബിച്ചിട്ടുള്ള ഒൻപതിന സാമ്പത്തിക ഇതര (നോൺ-മോണിട്ടറി) സൂചകങ്ങൾ പരിഷ്കരിക്കപ്പെടേണ്ടതാണെന്ന് 1999-ൽ ന്യൂഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് നടത്തിയ ഒരു പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്. അതിനാൽ ദാരിദ്ര്യാവസ്ഥ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് ഭരണ നവീകരണ പരിപാടിയുടെ കീഴിൽ സുതാര്യമായ ഒരു സൂചകം വികസിപ്പിച്ചെടുക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

വികേന്ദ്രീകൃത ആസൂത്രണ പരിപാടികൾക്ക് ലഭിച്ച വിദേശ ധനസഹായം

19 [19] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-2001 കാലയളവിൽ വികേന്ദ്രീകൃത ആസൂത്രണവുമായി ബന്ധപ്പെട്ട് പരിശീലനം, പ്രചാരണം, നിർവ്വഹണം എന്നിവയ്ക്ക് ഏതെങ്കിലും തരത്തിലുള്ള വിദേശ ധനസഹായം കേരളത്തിലെ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ലഭിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് ഈ ധനസഹായം ലഭിച്ചുവെന്ന് അറിയിക്കാമോ;

(സി) ഇതിൽ എത്ര തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിഭജിച്ച് നൽകിയിട്ടുണ്ട്;

(ഡി) വിദേശ ധനസഹായം വഴി ഉണ്ടായ ഭൗതിക നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ഇ) തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി 9-ാം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വിദേശ ധനസഹായം സ്വീകരിക്കാൻ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളിൽനിന്ന് മുൻകൂർ അനുമതി ഏതെങ്കിലും സ്ഥാപനമോ വ്യക്തികളോ ആവശ്യപ്പെട്ടിരുന്നോ;

(എഫ്) ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (തൃശൂർ), സ്വിസ് ഏജൻസി ഫോർ ഡെവലപ്പ്മെന്റ് ആന്റ് കോ-ഓപ്പറേഷൻ (SDC) എന്ന സ്ഥാപനത്തിൽ നിന്ന് കപ്പാസിറ്റി ഡെവലപ്പ്മെന്റ് ഫോർ ഡീസെൻട്രലൈസേഷൻ കേരള (CAPDECK) പ്രോജക്ടിന് ധനസഹായം ലഭിച്ചിട്ടുണ്ട്.

(സി) വികേന്ദ്രീകൃതാസൂത്രണവുമായി ബന്ധപ്പെട്ട കൈപ്പുസ്തകങ്ങൾ തയ്യാറാക്കുക, പരിശീലനം നൽകുക, സ്ഥാപനങ്ങളുടെ ഭൗതികസൗകര്യം വർദ്ധിപ്പിക്കുക എന്നീ ആവശ്യങ്ങൾക്കാണ് തുക വിനിയോഗിച്ചിട്ടുള്ളത്. പരിശീലന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന് ക്വാർട്ടേഴ്സ്, ചുറ്റുമതിൽ, ആഡിറ്റോറിയം മുതലായവയുടെ നിർമ്മാണം, ലൈബ്രറിയുടെ വികസനം, എയർകണ്ടീഷനിംഗ് മുതലായവയ്ക്കും, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റ് (SIRD), സംസ്ഥാന ആസൂത്രണ ബോർഡ് എന്നീ സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടർ സെറ്റുകൾ, ഫോട്ടോ കോപ്പിയർ, ഓവർ ഹെഡ് പ്രോജക്ടറുകൾ എന്നിവയും നല്കിയിട്ടുണ്ട്. എന്നാൽ 'കില'യ്ക്കല്ലാതെ മറ്റ് സ്ഥാപനങ്ങൾക്ക് പണമായി നല്കിയിട്ടില്ല. കാരണം ഈ ധനസഹായം പരിശീലനങ്ങൾക്കും അവയോടനുബന്ധിച്ചുള്ള പരിപാടികൾക്കുമാണ് നൽകിയിട്ടുള്ളത്.

(ഡി) പ്രധാന ഭൗതിക നേട്ടങ്ങൾ:

(i) കൈപ്പുസ്തകങ്ങളും പരിശീലന സഹായികളും തയ്യാറാക്കിയിട്ടുണ്ട്.

(a) പത്താംപഞ്ചവത്സര പദ്ധതി ആസൂത്രണത്തിന് 15 കൈപ്പുസ്തകങ്ങൾ (ഓരോന്നും 15000 കോപ്പി വീതം).

(b) പരിശീലന സഹായികൾ.

(ii) വികേന്ദ്രീകൃതാസൂത്രണവുമായി ബന്ധപ്പെട്ട വിവിധതലങ്ങളിൽ 59 പരിശീലന പരിപാടികളിലായി ആകെ 1,20,621 പേർക്ക് പരിശീലനം നല്കി.

(iii) ഭൗതിക സൗകര്യ വികസനം

(a) കിലയിൽ 24 ക്വാർട്ടേഴ്സുകൾ, ചുറ്റുമതിൽ, ആഡിറ്റോറിയം മുതലായവയുടെ നിർമ്മാണം, ലൈബ്രറി വികസനം, കമ്പ്യൂട്ടർ ലാബറട്ടറി, ഹോസ്റ്റലിലെ സൗകര്യങ്ങൾ, ഓഫീസ്കാർ മുതലായവ.

(b) ഐ. എം. ജി. യിൽ ഓവർ ഹെഡ് പ്രോജക്ടർ, പബ്ലിക് അഡ്രസ് സംവിധാനം, രണ്ട് കമ്പ്യൂട്ടറുകൾ, രണ്ട് കമ്പ്യൂട്ടർ പ്രിന്ററുകൾ.

LIBRARY ARCHIVES Kerala Legislative Assembly

(c) എസ്. ഐ. ആർ. ഡി.യിൽ ഓവർ ഹെഡ്പ്രൊജക്ടർ, പബ്ലിക് അഡ്രസ് സംവിധാനം, ഫോട്ടോകോപ്പിയർ, 4 കമ്പ്യൂട്ടറുകൾ, 4 കമ്പ്യൂട്ടർ പ്രിന്ററുകൾ.

(d) സംസ്ഥാന ആസൂത്രണ ബോർഡിൽ ഓവർ ഹെഡ്പ്രൊജക്ടർ, ഫോട്ടോകോപ്പിയർ, 5 കമ്പ്യൂട്ടറുകൾ, 2 കമ്പ്യൂട്ടർ പ്രിന്ററുകൾ.

(ഇ) 'കില' സംസ്ഥാന ഗവൺമെന്റിന്റെ അനുവാദം വാങ്ങിയിരുന്നു. ഈ പ്രോജക്ടിനെക്കുറിച്ച് കേന്ദ്ര ഗവൺമെന്റിന് അറിവുള്ളതാണ്.

(എഫ്)(i) കില അതിന്റെ വികസന പരിപാടികൾക്കും പരിശീലന പരിപാടികൾക്കും SDC-യിൽ നിന്നും വിദേശ സഹായം സ്വീകരിക്കുന്നതിന് വേണ്ടി കേന്ദ്രസർക്കാരിന്റെ Foreign Contribution Regulation Act (FCRA) പ്രകാരം അനുമതി നേടിയിട്ടുണ്ട്.

(ii) സംസ്ഥാന സർക്കാരിന്റെ അനുമതിയോടെയാണ് എസ്. ഡി. സി. യുടെ ക്യാപ്ഡെക്ക് പ്രോജക്ട് കില നടപ്പാക്കിയിട്ടുള്ളത്.

(iii) ക്യാപ്ഡെക്ക് പ്രോജക്ട് നടപ്പാക്കുന്നതിനുള്ള ജോയിന്റ് പ്രോജക്ട് കമ്മിറ്റിയിൽ കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാമവികസന മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി മെമ്പറാണ്.

ദീർഘകാല വിഷൻ ഡോക്കുമെന്റുണ്ടാക്കുവാനുള്ള നടപടി

20 [20] ശ്രീ. വി. ബാലറാം:

,, എ. പി. അനിൽകുമാർ:

ശ്രീമതി രാധാരാഘവൻ:

ശ്രീ. കെ. പി. വിശ്വനാഥൻ:

,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സംബന്ധിക്കുന്ന ഒരു ദീർഘകാല വിഷൻ ഡോക്കുമെന്റ് ഉണ്ടാക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ അതിനുവേണ്ടി കൺസൾട്ടന്റുകളെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly